**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 1294** — **12.07.2011-ൽ മറുപടിക്ക്.**

## നെയ്യാറ്റിൻകരയിൽ പോലീസ് ക്വാർട്ടേഴ്സ് നിർമ്മിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ് | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) നെയ്യാറ്റിൻകര പോലീസ് സബ് ഡിവിഷന്റെ കീഴിൽ ജോലി നോക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കും കുടുംബങ്ങൾക്കും താമസിക്കുന്നതിനായി മതിയായ ഫ്ളാറ്റ് മോഡൽ ക്വാർട്ടേഴ്സുകൾ നെയ്യാറ്റിൻകര കേന്ദ്രീകരിച്ച് ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ; | : (എ) ഉണ്ട്. ഇപ്പോൾ നിലവിലുള്ള 40 ക്വാർട്ടേഴ്സുകളിൽ പോലീസ് ഉദ്യോഗസ്ഥർ താമസിച്ചു വരുന്നുണ്ട്. |
| (ബി) കെട്ടിടവും ഫ്ളാറ്റും പണിയുന്നതിന് നിലവിൽ നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ സ്ഥിതിചെയ്യുന്നതിന് പുറക് വശം ഏക്കർകണക്കിനു സ്ഥലം വെറുതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (ബി) ഉണ്ട്. |
| (സി) ഇരുപത്തിനാല് മണിക്കൂർ സേവനം നടത്തുന്ന പോലീസ് സേനാംഗങ്ങൾക്ക് കുടുംബവുമായി താമസിക്കുന്നതിന് കൂടുതൽ സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി നെയ്യാറ്റിൻകര പോലീസ് വക സ്ഥലത്ത് കൂടുതൽ ഫ്ളാറ്റ് മോഡൽ കെട്ടിടങ്ങൾ പണിയുന്നതിന് ഫണ്ട് അനുവദിക്കുമോ ? | : (സി) ഇത് സംബന്ധിച്ച പ്രൊപ്പോസലുകൾ ഒന്നുംതന്നെ നിലവിലില്ല. |

സെക്ഷൻ ഓഫീസർ